ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞാൻ ഗവണ്മെന്റിലേയ്ക്ക് ഫർണിച്ചർ അയച്ചെന്നും ചീഫ് സെക്രട്ടറി ഒപ്പിട്ടുവാങ്ങിയെന്നും പിന്നീടു കാണാനില്ലെന്നുമാണ് പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ അതു ശരിയായി ധരിച്ചു എങ്കിൽ ബഹുമാനപ്പെട്ട ചെയർപ്പേഴ്സൺ അതു ശരിയായി ധരിച്ചില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അതു ചെയർപ്പേഴ്സന്റെ കുറ്റംകൊണ്ടാണു്. (ചിരി)

ഞാൻ ഇന്നലെ സൂചിപ്പിച്ചു, രാജ്യത്തിന്റെ ഹൃദയമാണെന്നു പറയുന്നു. എന്നാൽ ഹൃദയത്തിനെത്തന്നെ അപ്പർ വിങ്കാവോ, ലോവർ വിങ്കാവോ ഇങ്ങനെ ചില അവയവങ്ങൾ ഉണ്ടെന്നു പറയുന്നു. അതുപോലെ സെക്രട്ടറിയേറ്റാകുന്ന ഹൃദയത്തിലെ മറ്റൊരു പ്രധാന ഭാഗമാണല്ലോ ഫിനാൻസ് ഡിപ്പാർട്ടുമെന്റ്. ആ ഡിപ്പാർട്ടുമെന്റിനു വലിയ ഒരു സെക്രട്ടറിയുണ്ട്. അടുത്ത ലെവലിൽ ഒരു ഡെപ്യൂട്ടി സെക്രട്ടറിയും അസിസ്റ്റൻറ് സെക്രട്ടറിയേയും മറ്റും വച്ചിട്ടുമുണ്ട്. സർ, ഈ ഫിനാൻസ് സെക്രട്ടറിയുടെ റിപ്പോർട്ട് അടുത്തകാലത്തു എഴുതിയിട്ടുള്ള വിധി എന്താണെന്നു ഞാൻ ഒരു രേഖയിൽ നിന്നും വായിക്കാം.

> "The Committee found that lack of financial control over expenditure by the Department was the main reason responsible for the excess expenditure and for the failure to obtain sufficient funds by way of supplementary grants during the year."

LIBRARY ARCHIVES Kerala Legislative Assembly

MR. DEPUTY SPEAKER: What is that report ?

SHRI JOSEPH CHAZHIKATTU : Report on the Appropriation Accounts 1952-53 and the Audit Report 1954. Public Accounts Committee 7th report, Page 3.

ഇങ്ങനെ അഭിപ്രായം പറഞ്ഞിട്ടുണ്ടെങ്കിൽ ഈ ഫിനാൻസ് ഡിപ്പാർട്ടുമെന്റിനെ എന്തിനാണ് വച്ചുകൊണ്ടിരിക്കുന്നത് എന്നു ഞാൻ ചോദിക്കുന്നു. എണ്ണൂറും തൊള്ളായിരവും രൂപ ശമ്പളം കൊടുത്തു എന്തിനാണ് ഈ ഉദ്യോഗസ്ഥന്മാരെ ഈ ഡിപ്പാർട്ടുമെന്റിൽ വച്ചുകൊണ്ടിരിക്കുന്നു. ഇവിടെ ഈ അപ്രോപ്രിയേഷൻ ബിൽ കൊണ്ടുവന്നിരിക്കുന്നതു നോക്കുക. 1951, 1952, 1953, 1954 ഇങ്ങനെ നാലഞ്ചു കൊല്ലം മുമ്പു ചെലവു ചെയ്ത കാര്യങ്ങൾക്കു വേണ്ടിയുള്ള തുകയ്ക്കു ആണ് ഇവിടെ ബില്ലുകൊണ്ടുവന്നിരിക്കുന്നതു്. ഞാൻ ചീഫ് സെക്രട്ടറിയോടു വീണ്ടും ചോദിക്കുന്നു; ഈ ഫിനാൻസ് ഡിപ്പാർട്ടുമെന്റിനെ ഒന്നു കൺട്രോൾ ചെയ്യുകൂടെ, എന്നു്. ഫിനാൻസ് സെക്രട്ടറി ഇക്കാര്യം കൺട്രോൾ ചെയ്യുന്നു എങ്കിൽ ഈ അബദ്ധം വരികയില്ലായിരുന്നു എന്നാണ് എനിക്കു തോന്നുന്നതു്. മൂന്നും നാലും കൊല്ലം കഴിഞ്ഞു് അന്നു് ചെലവാക്കിയ പണം അനുവദിക്കുവാൻ അഭ്യർത്ഥനയുമായി വരുന്നതു് ആക്ഷേപകരമല്ലയോ ? ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ യോഗ്യന്മാർ ഇല്ലയോ ? ഒരോ കൊല്ലത്തിലും ഇവിടെ ഒരു ബഡ്ജറ്റ് അവതരിപ്പിച്ചു് പാസ്സാക്കാറുണ്ടു്. ബഡ്ജറ്റ് മന്ത്രിമാരും മറ്റും ഉണ്ടാക്കുന്നതു കൊണ്ടു് അതിലും ചില തെറ്റു പറ്റിയേയ്ക്കും. ആണ്ടിന്റെ മുക്കാൽ ഭാഗമോ അതിലധികമോ കഴിയുമ്പോളെങ്കിലും സപ്ലിമെന്ററി ഗ്രാന്റ് കൊണ്ടുവരണം.

ഈ അപ്രോപ്രിയേഷൻ ബില്ലിൽ, ഒന്നരലക്ഷം രൂപ സ്റ്റേഷനറി ആൻഡ് പ്രിന്റിംഗിനുവേണ്ടി കൊള്ളിച്ചിട്ടുണ്ടു്. സർ, ഇത്രയും തുക ഇക്കാര്യത്തിനു ചെലവാക്കുന്ന ഈ ഗവണ്മെന്റിനോടു ഞാൻ ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ. ഇന്നു ഈ മാർച്ചു് 9-നു് നൊയമ്പിന്റെ വെള്ളിയാഴ്ച, ഒന്നര മണിക്കൂർ നേരം ഇവിടെ ഒരു ബഡ്ജറ്റ് പ്രസംഗം ധനകാര്യമന്ത്രി വായിക്കുകയുണ്ടായല്ലോ. അനേകലക്ഷം രൂപ ചെലവാക്കി ഇവിടെ ഒരു പ്രസ്സു് നടത്തുന്നുണ്ടു്. ഞാൻ ഈ പുസ്തകം എവിടെയാണു് അച്ചടിപ്പിച്ചതെന്നു നോക്കി. പ്രിന്റഡ് ബൈ ഗവണ്മെന്റ് പ്രസ്സു്, മദ്രാസു്, എന്നാണു കണ്ടതു്. ഈ ബഡ്ജറ്റ് ഇവിടെ അച്ചടിക്കുവാൻ നമ്മുടെ ഗവണ്മെന്റിനെക്കൊണ്ടു കഴിഞ്ഞതില്ലെങ്കിൽ ഞാൻ പറയുന്നതു് ഇന്നു നാലു മണിക്കകം ഗവണ്മെന്റ് പ്രസ്സ് കെട്ടിടം പൂട്ടണമെന്നാണു്. ഇത്ര വലിയ ഒരു പ്രസ്സു് ഉണ്ടായിട്ടു് തിരുവിതാംകൂർ–കൊച്ചി ഗവണ്മെന്റിനു് ആണ്ടോടാണ്ടുള്ള ബഡ്ജറ്റ് അച്ചടിപ്പിച്ചുകൊടുക്കുവാൻ ഉതകാത്ത ഒരു പ്രസ്സു് വച്ചു പുലത്തിക്കൊണ്ടുപോകുന്നതിന്റെ കാര്യം എന്താണെന്നു ഞാൻ ചോദിക്കുന്നു. മറ്റു ചിലടത്തുണ്ടായതു പോലെ, നമ്മുടെ ബഡ്ജറ്റ് എങ്ങും ചോർന്നുപോയതായി കേട്ടിട്ടില്ല. അച്ചടിച്ചു കൊണ്ടുവരുന്ന വഴി ഇതു് വഴിയിൽ വച്ചുവറ്റോ ഇല്ലയോ എന്നു നാമെയോ മറ്റന്നാളോ അറിയാം. രാജപ്രമുഖൻ ചെയ്ത പ്രസംഗം പല പ്രസ്സിൽ അച്ചടിപ്പിച്ചു് അതു കൂട്ടിക്കെട്ടി, 'ഗവണ്മെന്റ് പ്രസ്സ്' എന്നു് കവർപേജിൽ അടിച്ചുകൊണ്ടുവന്നതാണെന്നു അതിലെ കടലാസ്സ് കണ്ടാൽ തോന്നും. ചിലതുപോലെ മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രസ്സിനുള്ള. വേറെ എങ്ങനെയോ ഉണ്ടാക്കിയതാണ്. നമ്മുടെ പ്രസ്സിലേയ്ക്ക് ഒന്നരലക്ഷം രൂപയാണ് ചോദിച്ചിരിക്കുന്നത്. ഇത്ര മല്ലാസ്സിലടിക്കാനുണ്ടായ കാരണമെന്താണെന്ന് ഞങ്ങളെക്കൂടി ധരിപ്പിച്ചിരുന്നെങ്കിൽ, ഈ പുസ്തകം വീട്ടിൽ കൊണ്ടുചെല്ലുമ്പോൾ ഇതെന്താണ് മല്ലാസ്സിൽ അച്ചടിപ്പിച്ചതു് എന്ന പിള്ളേരു ചോദിച്ചാൽ, അവരോടു പറയാമായിരുന്നു. പിള്ളേരും പെൺപിറന്നോരും മറവും ചോദിക്കുന്ന ചോദ്യങ്ങൾക്കു നിങ്ങൾ മറുപടി പറയേണ്ടതായിട്ടുണ്ടിരിക്കുന്നതു്. ഇതൊക്കെ കാണുമ്പോൾ ഇന്നു വൈകിട്ടോ, അല്ലെങ്കിൽ നാളെ കാലത്തോ നിങ്ങൾ രാജിവച്ചുപോയാലും തരക്കേടില്ല. എന്തൊരു ഭരണമാണിതു്, എന്തൊരു സെക്രട്ടറിയേറ്റാണിതു്? സെക്രട്ടറിയേറ്റിൽ യോഗ്യന്മാർ ഇല്ലെന്നല്ല ഞാൻ പറയുന്നതു്. പക്ഷെ അവിടെ കാര്യംനടപ്പില്ല. സർ, ഈ രാജ്യത്തെ ജനങ്ങൾ രാപ്പകൽ കഷ്ടപ്പെട്ട് അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം നികുതിയായി വസൂൽ ചെയ്തുകൊണ്ടു് യാതൊരു പ്രയോജനവുമില്ലാത്തവിധത്തിൽ, പ്രതിനിമിഷം പ്രതിദിവസം കണ്ടമാനം എന്തിനാണ് ഇങ്ങനെ ചെലവാക്കിക്കൊണ്ടിരിക്കുന്നതു് എന്നു ഞാൻ ചോദിക്കുന്നു. ഇങ്ങനെയുള്ള ഒരു ഫിനാൻസു് ഡിപ്പാർട്ടുമെന്റിനുവേണ്ടി ചെലവാക്കുന്ന പണം വെറും ഒരു പാഴ്ചെലവല്ലേ എന്നു ഞാൻ ചോദിക്കുന്നു. ഈ ഡിപ്പാർട്ടുമെന്റിനു വേണ്ടിത്തന്നെ പത്തുപതിനായിരം രൂപ ശമ്പളമായി മാസം ചെലവാക്കുന്നുണ്ടു്. അതിനു മാത്രമുള്ള ആളുകൾ ആ ഡിപ്പാർട്ടുമെന്റിൽ കാണും. പിരിച്ചുവിടുകയൊന്നുമില്ല. അതിനു പകരം ആ പണം കൊടുത്തു വല്ല വളവും മേടിച്ചു് ജനങ്ങൾക്കു കൊടുക്കുക. ജനങ്ങൾ കൃഷി ചെയ്യട്ടെ. എന്തിനിവരെ വച്ചുകൊണ്ടിരിക്കുന്നു. ഒരു കാര്യവും നടക്കുകയില്ല. കണക്കെഴുതി വയ്ക്കുവാൻ പോലും വശമില്ല. നാലും അഞ്ചും കൊല്ലങ്ങൾക്കു ചെലവുചെയ്ത കാര്യങ്ങൾക്കുവേണ്ടി ഇപ്പോഴാണ് അനുവാദവും ചോദിച്ചുകൊണ്ടുവരുന്നതു്. ശ്രീ. എ. ജെ. ജോൺ ഫിനാൻസിനെ കേമനാണെന്നും മറ്റും ആളുകൾ പറയുന്നു. എന്നിട്ടും ഫലം ഇതാണോ. കാര്യവും നടത്തി നാലും അഞ്ചും കൊല്ലം കഴിഞ്ഞിട്ട് അനുവാദത്തിനുവേണ്ടിയാതൊരു ലജ്ജയുമില്ലാതെ ധനാഭ്യർത്ഥനയുമായി വരുന്നതു്, ശ്രീ. മുണ്ടശ്ശേരി പറഞ്ഞതുപോലെ എപ്പോഴും കൊണ്ടുവന്നാലും ഇവർ പാസ്സാക്കിത്തന്നുകൊള്ളും എന്ന വിശ്വാസം ആണെന്നു തോന്നിപ്പോകും.

സർ, എന്തിനാണ് നിയമസഭ ആണ്ടിൽ രണ്ടും മൂന്നും പ്രാവശ്യം സമ്മേളിക്കുന്നതെന്നാണ് ഞാൻ ചോദിക്കുന്നതു്. ഗവണ്മെന്റിന്റെ കുടുക്കുടെയുള്ള ചെയ്തികളെപ്പറ്റി വിചാരിക്കുമ്പോൾ "The dogs may bark and the caravan will pass on" അതാണ് ഇവിടെ നടക്കുന്നതു്. അങ്ങനെയാണെങ്കിൽ എന്തിനീ ഭരണം വച്ചുപുലർത്തുന്നു? സർ, ഈ ഭരണം രാജ്യത്തിന്റെ രക്ഷയ്ക്കാണോ? ജനങ്ങളുടെ ക്ഷേമത്തിനാണോ? അതോ നമ്മുടെ ക്ഷേമത്തിനാണോ? ഏതിനാണ് ഉപകരിക്കുന്നതു്? വാസ്തവത്തിൽ ഇവരെയൊക്കെ ഇങ്ങനെ വച്ചുപുലർത്തുന്നതുതന്നെ ഒരു തരത്തിൽ രാജ്യദ്രോഹപരമാണു്. അതുകൊണ്ടാണ് സർ, ഞാൻ പറയുന്നതു് മുണ്ടശ്ശേരി മാസ്റ്റർ പറഞ്ഞ പല കാര്യങ്ങളിലും യോജിക്കുന്നു എന്നു്. എങ്കിലും അദ്ദേഹം കുറെ കാര്യങ്ങൾകൂടി പറയാതിരുന്നില്ല. അദ്ദേഹത്തിനു് പറയാനായിട്ടുള്ള തെറ്റുകളും, പിഴകളും മാത്രമല്ല അദ്ദേഹം ഒരദ്ധ്യാപകനും കൂടിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ഈ ഹൗസനെപ്പറ്റി മെമ്പർ ചെയറിനെ നോക്കി അഡ്രസ് ചെയ്യേണ്ടതാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, ഞാൻ ചെയറിനെത്തന്നെ നോക്കിയാണ് സംസാരിച്ചത്. ചിലപ്പോൾ എന്റെ കൈയ് ആവശ്യത്തിലധികം പോകുന്നതായുള്ള. സർ, അതുപോലെതന്നെ മുഖ്യമന്ത്രിയുടെ ചില സമയത്തെ മറുപടിയിൽനിന്നും ആക്ഷേപസൂചകമായ ഒരു ധ്വനിയാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അദ്ദേഹം എത്ര കാര്യങ്ങളും, നമ്മളും നോക്കി മറുപടി പറയാൻ പാടുള്ളതാണ്. ചിലപ്പോൾ മറുപടി കേട്ടാൽ നേരത്തെ നിങ്ങളോടൊക്കെ ഇങ്ങനെ പറഞ്ഞാൽ മതി. ത്രാജ്ജുവിനകത്തുള്ളതുകൊണ്ടുള്ള'' ഇതാണ് അദ്ദേഹത്തിന്റെ രീതിക്ക്. അതായത് ഞങ്ങളുടെ ഇടയിൽ ഒരു പറച്ചിലുണ്ട്. ''ഈ ചവത്തിനുള്ളതുമതിയെന്ന''. അതുപോലെയാണ് മുഖ്യമന്ത്രി ചിലപ്പോൾ സമാധാനം പറയുന്നതുകൊണ്ട് കുതാർത്ഥനാകുന്നത്. എന്തൊക്കെ പറഞ്ഞാലും ഞങ്ങളൊക്കെ കുമിഞ്ഞുകൂടിയ ആളുകളാണ്. പക്ഷേ എല്ലാ സമയത്തും ക്ഷമിക്കും എന്നു വിചാരിച്ച് വല്ലതുമൊക്കെ പറയുന്നതു ശരിയാണെന്ന് തോന്നുന്നില്ല. സർ, നമ്മുടെ ഫിനാൻസ് സെക്രട്ടറിയെ റാഞ്ചിൽ ഇതിനു മുൻപു് ഉദ്യോഗത്തിലിരുന്ന വ്യക്തിയിലൂടെ ഫോൺ മുഖേന ഇടപെടുത്തിയിട്ടില്ലേ ഈ സഭയിലെ ഓണറബിൾ മെമ്പറന്മാരുടെ അഭിപ്രായങ്ങളെ ആദരിച്ച് ഒരു ആൾറൗണ്ട് കറപ്ഷൻ ആഫീസറെ നിയമിക്കുകയും, അതിനാവശ്യമായ ശീമതിക്കും, നീതിക്കും വേണ്ടതെല്ലാം ചെയ്തിട്ടുമുണ്ടെന്നും. അതു ശരിയാണോ എന്നാണ് എന്റെ അറിവ്. എന്നാലും ഈ സംഭവങ്ങൾ പ്രയോജനപ്രദമായി മുമ്പോട്ട് പോയ്ക്കൊണ്ടിരിക്കുകയാണെങ്കിൽ അതുകൊണ്ട് വളരെ നന്മയുണ്ടാകുമെന്നു നമുക്ക് പ്രതീക്ഷിക്കാം. പക്ഷേ അങ്ങനെ പോയാലല്ലേ സാധിക്കുകയുള്ളൂ. അതുകൊണ്ട് നിങ്ങൾ പറയുന്നതു കൊള്ളായ്മകാണിക്കുന്ന ആളുകൾ ആരുതന്നെ ഓഫീസിലിരുന്നാലും ഒന്നുകിൽ അവരെ ഓടിക്കുന്നതായ ആളുകളെ വച്ചുകൊണ്ട് ജോലി ചെയ്യിപ്പിക്കുക. അല്ലെങ്കിൽ കൊള്ളാത്തവരെ ദൂരെകളയുക. ഇതിൽ ഏതുഭാഗം വേണമെങ്കിലും മന്ത്രിമാർക്ക് സ്വീകരിക്കാമെന്നാണ്. സർ, ഉദ്യോഗസ്ഥന്മാരെന്നു പറയുന്നതു ഗവൺമെന്റിനുള്ള മിഷനറീസ് ആണ്. അവരൊക്കെ വളരെ കൃത്യക്ഷമമായി പ്രവർത്തിച്ചില്ലെങ്കിൽ അതുകൊണ്ട് നാട്ടുകാർക്കാണ് നഷ്ടമുണ്ടാകുന്നതു്, അല്ലാതെ ഉദ്യോഗസ്ഥന്മാർക്കല്ല. മന്ത്രിമാർ ഈ കാര്യം വളരെ ഗൗരവമായി ചിന്തിക്കേണ്ടതാണ്. സെക്രട്ടറിയേറ്റ് സംസ്ഥാനത്തിന്റെ ഹൃദയം ആണെങ്കിൽ അതിനകത്തുള്ള ഒരു ഹൃദയമാണ് ഫിനാൻസ് ഡിപ്പാർട്ടുമെന്റ്. അതുകൊണ്ടെനിക്ക് അധികമായി പറയാനുള്ളതു മുൻ ശ്രീ മാസ്റ്റർ പറഞ്ഞതുപോലെ ആഡിറ്റർട്ടുമെന്റിനെ ഒന്നുകിൽ റീ ഓർഗനൈസ് ചെയ്യുക; അല്ലെങ്കിൽ അതിന്റെ അലകും പിടിയും മാറ്റി രാജ്യക്ഷേമത്തിനുതകുന്ന വിധത്തിലാക്കുക. സർ, ചെലവായ സംഖ്യയല്ല, പാസ്സാകിക്കിട്ടുകാം.

ശ്രീ. പ്രാക്കുളം ഭാസി : സർ, സഭയുടെ അനുവാദത്തിനുവേണ്ടി അപ്രോപ്രിയേഷനു മില്ല അവതരിപ്പിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ, ഒന്നു രണ്ടു സംഗതികൾ എനിക്കു പ്രസ്താവിക്കണമെന്നു ആഗ്രഹമുണ്ട്. ഒന്നാമതു് സർ, വാട്ടർ സപ്ലൈയും ഡ്രെയിനേജും

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചുള്ളതാണ്. ഏനിക്കു മുമ്പു സംസാരിച്ച ശ്രീ. മുണ്ടശ്ശേരി പറയുകയുണ്ടായി സംസ്ഥാനത്തു ള മിക്കവാറും സ്ഥലങ്ങളിൽ കുടിക്കുന്നതിനുപോലും ശുദ്ധജലം കിട്ടുന്നില്ല എന്ന്. സർ, കഴിഞ്ഞ വർഷം കുടിയ അസംബ്ലിയിലും ഈ പരാതി ഉയർന്നിട്ടുണ്ട്. ഇങ്ങനെ പലപ്രാവശ്യം പരാതികൾ ഉന്നയിച്ചതിന്റെ ഫലമായിട്ടു ഗവണ്മെന്റിനു ഏതാനും ഒരു ചെറിയ ഉദാരബുദ്ധി തോന്നിയതിന്റെ ഫലമായി കുഴൽക്കിണർ കുഴിപ്പിക്കുന്നതിനു രണ്ടു മിഷ്യൻ വരുത്തുകയുണ്ടായി. സർ, ആ മിഷ്യൻ ഏകദേശം അഞ്ചുമാസം വരെ തുറമുഖത്തു തന്നെ ഇട്ടിരിക്കുകയായിരുന്നു. അതു സംബന്ധിച്ചുള്ള ഡമറേജ് ഇനത്തിൽ കുറെ അധികം പണം ഗവണ്മെന്റിനു നഷ്ടപ്പെടേണ്ടി വന്നു. ഇങ്ങനെ ഡമറേജ് വരുത്തിക്കാൻ ഇടയാക്കിയ ഉദ്യോഗസ്ഥനാരാണ്; ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുത്തിട്ടുണ്ടോയെന്നും, മാറും ഗവണ്മെന്റു മറുപടി പറയേണ്ടതാണ്. സർ, ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന എല്ലാ ജനങ്ങളും ഏതാണ്ടുമായി മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയാണ്, കുടിക്കാൻ വെള്ളം കിട്ടുന്നില്ല എന്ന്. മനുഷ്യനു കുടിക്കാൻ വെള്ളം കിട്ടുന്നില്ല എന്നു പറയുമ്പോഴെക്കെ അതിനു വേണ്ടി നടപടികൾ എടുത്തിട്ടുണ്ട്, എടുക്കുന്നുണ്ട്, ഇതിനും എടുത്തിട്ടുണ്ട് എന്നൊക്കെ പറയുന്നതാണ് പതിവ്. അപ്പോഴെക്കെയാണ് ഈ രണ്ടു മിഷ്യൻ വരുത്തിയതു്. മിഷ്യൻ വരുത്തിയിട്ടും അഞ്ചുമാസം വരെ അതുപയോഗിച്ചു് കുഴൽക്കിണർ കുഴിക്കുന്നതിനുള്ള വാരം നൽകാതെ അലസമായ മനോഭാവത്തോടുകൂടിതന്നെയാണ് ചെയ്തതു്. സർ, അതു് അത്യന്തം ശോചനീയമായ ഒരു പ്രവൃത്തിയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. കുടിക്കാൻ വേണ്ടിയുള്ള ശുദ്ധജലത്തിനുവേണ്ടി ധാരാളം പണം ചെലവു് ചെയ്യുന്നുണ്ടെന്നു തന്നെ ഉദ്ഘോഷിച്ചിട്ടുണ്ട്. അവയിൽ ഒന്നു കുടിനാട്ടിലും മറ്റേതു് കുട്ടനാട്ടിലുമാണ്. ഭീമമായ സംഖ്യ ഈ പ്രവൃത്തിനുവേണ്ടി ഗവണ്മെന്റു ചെലവാക്കുമ്പോൾ അതിനെസംബന്ധിച്ചുള്ള നന്മ പൊതുജനങ്ങൾക്കുണ്ടാകുമെന്നുള്ള ആഗ്രഹം കൂടി ഗവണ്മെന്റിനുണ്ടായിരിക്കേണ്ടതാണ്. സർ, അതുപോലെതന്നെ എറണാകുളത്തിനു് സമീപം വൈപ്പിൻകര എന്ന സ്ഥലത്തു് അനവധി വർഷങ്ങളായി ശുദ്ധജലം കിട്ടാതെ ജനങ്ങൾ കഷ്ടപ്പെടുകയാണ്. പല പ്രാവശ്യങ്ങളും, നിവേദനങ്ങളും ഗവണ്മെന്റിനു സമർപ്പിച്ചിട്ടും നാളിതുവരെ ആ കാര്യത്തിൽ ഗവണ്മെന്റു കാര്യമായിട്ടൊന്നും തന്നെ പ്രവർത്തിച്ചിട്ടില്ല. മനുഷ്യനു കുടിക്കുന്നതായിട്ടുപോലും വെള്ളം കൊടുക്കാൻ ഇതുവരെ സാധിച്ചിട്ടില്ലാത്ത ഒരു ഗവണ്മെന്റു നിലനിന്നു പോന്നാണ് മനുഷ്യനന്മയ്ക്കുവേണ്ടി സാധിക്കുന്നതെന്നു അവർ തന്നെ പറയട്ടെ. ഇതിനെ കൊല്ലങ്ങൾക്കുമുൻപു് ശുദ്ധജലത്തിനു വേണ്ടി ചെലവാക്കിയിട്ടുള്ള തുകയെ സംബന്ധിച്ചും അതുകൊണ്ടുണ്ടായിട്ടുള്ള തുച്ഛമായ നന്മയെ സംബന്ധിച്ചും പരാതികൾ ആവർത്തിച്ചതുകൊണ്ടു പ്രയോജനമൊന്നുമില്ലെന്നു കണക്കാക്കിയും ഒരു ജനപ്രതിനിധിയെന്ന നിലയിൽ എന്റെ കർത്തവ്യം ഞാൻ നിറവേറ്റുകയാണ് ചെയ്യുന്നതു്. നമ്മുടെ സംസ്ഥാനത്തു പല പ്രധാനപ്പെട്ട കുടിവെള്ളപദ്ധതികൾക്കുവേണ്ടിയും വമ്പിച്ച സ്കീമുകൾ തയ്യാറാക്കുകയും, വമ്പിച്ച തുകകൾ ചെലവാക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ ഗവണ്മെന്റു ജീവനക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടി, ശമ്പള പരിഷ്കരണവും നടത്തുകയുണ്ടായി. ഇങ്ങനെയൊക്കെ പണം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പ്രാക്കുളം ഭാസി]

വാരി ചെലവാക്കുന്ന എങ്കിലും ഗവണ്മെൻറ പിച്ചച്ചട്ടിയിൽ നിന്നും കാശു പിടിച്ചെടുക്കുന്ന ഒരു പാരമ്പര്യം ഇന്നും നടത്തിക്കൊണ്ടിരിക്കയാണു്. ഉദാഹരണമായി സർ, നമ്മുടെ ആയുർവേദ ഡിപ്പാർട്ടുമെൻറിൽ ആണറവി വൈദ്യന്മാരായി ജോലി നോക്കുന്ന വ്യക്തികളിൽ നിന്നും, അവർക്കു കിട്ടിക്കൊണ്ടിരുന്ന ശമ്പളത്തിൽ 22 രൂപ വീതം പിടിച്ചെടുത്തിരിക്കയാണു്. ശമ്പളം പോരായെന്നു ഗവണ്മെൻറിനു തോന്നിയതിൻറെ ഫലമായി ഒരു പേക്കമ്മിഷനെ നിയമിച്ചു, ഉടൻ തന്നെ ശമ്പളം വർദ്ധിപ്പിച്ചു; അങ്ങനെ വർദ്ധിപ്പിച്ചതു തന്നെ ഇഷ്ടം പോലെ ചിലർക്കു കൂട്ടികൊടുത്തു, ചിലർക്കു കുറച്ചു കൊടുത്തു. ഇങ്ങനെ പലതരത്തിലുള്ള അടിസ്ഥാനത്തിൽക്കൂടിയാണു് ശമ്പളനിരക്കു വർദ്ധിപ്പിച്ചിരിക്കുന്നതു്. ഇങ്ങനെയിരിക്കെയാണു് സാധുക്കളായ ഈ വൈദ്യന്മാരുടെ ശമ്പളത്തിൽ നിന്നും ഇരുപതും രൂപ പിടിച്ചെടുക്കുന്നതു്. സർ, ഈ ഇരുപത്തിരണ്ടുരൂപവീതം ഇവരിൽനിന്നും പിടിച്ചെടുത്തതുകൊണ്ടു് എന്തു ലാഭമാണു് ഗവണ്മെൻറിനുണ്ടാകുന്നതു എന്നു എനിക്കു മനസ്സിലാകുന്നില്ല. ഞാൻ മുമ്പു പറഞ്ഞ വൈദ്യന്മാരിൽ ഒരാൾ മട്ടാഞ്ചേരി ആശുപത്രിയിലും, മറ്റുള്ളവർ തൃശ്ശൂർ ഡിസ്പെൻസറിയിലുള്ള വിവിധ ആശുപത്രികളിലുള്ളവരുമാണു്. അവർ ആണറവിയായിട്ടാണു് നിസ്സാര ശമ്പളത്തിനുവേണ്ടി സേവനമനുഷ്ഠിക്കുന്നതു്. അവർക്കു 20 രൂപ ശമ്പളവും, 22 രൂപ അലവൻസുമാണു് കൊടുത്തുവന്നതു്. അങ്ങിനെയിരിക്കെയാണു് 22 രൂപ അവരിൽനിന്നും ഗവണ്മെൻറ് അപഹരിച്ചെടുക്കുന്നതു്. ഈ കാര്യങ്ങൾ അവർ എന്നോടു പറഞ്ഞ അവസരത്തിൽ യഥാർത്ഥത്തിൽ അവരുടെ കണ്ണിൽനിന്നും കണ്ണുനീർ പുറപ്പെട്ടതു് ഞാൻ കാണുകയുണ്ടായി. അങ്ങിനെ കണ്ണുനീരോടുകൂടിയാണു് അവർ എന്നിൽ നിന്നും പിരിഞ്ഞതു്. അതുകൊണ്ടു്, ഈ ഗവണ്മെൻറിനോടു ഉപദേശിക്കാനുള്ളതു്, പിച്ചച്ചട്ടിയിൽ നിന്നും എടുത്ത കാശു് 24 മണിക്കൂറിനകം തിരിച്ചു കൊടുക്കണമെന്നാണു്. അതുപോലെതന്നെ സർക്കാർ അദ്ധ്യാപകന്മാരുടെ ശമ്പളകാര്യത്തെ സംബന്ധിച്ചും വലിയ വലിയ പരാതികളും, പ്രക്ഷോഭണങ്ങളും മറ്റും ഉണ്ടായിട്ടുണ്ടു്. പക്ഷേ ഗവണ്മെൻറിനെ ഭീഷണിപ്പെടുത്തിയും, മറ്റും ചെയ്തതുകൊണ്ടു മാത്രമേ കാര്യം സാധിക്കയുള്ളൂവെന്നാണു് അനുഭവത്തിൽനിന്നും മനസ്സിലാകുന്നതു്. അതല്ലാതെ മര്യാദയോടുകൂടി ജീവിക്കുന്നവർക്കു് ഒരു മേന്മയും ഗവണ്മെൻറിൽനിന്നും ലഭിക്കുന്നതിനു സാധ്യമല്ല. സർ, അദ്ധ്യാപകന്മാരുടെ സംഘടിതമായ പ്രവർത്തനംകൊണ്ടു് ഗവണ്മെൻറിനു പിൻമാറാൻ സാധിക്കയില്ല എന്നു വന്നപ്പോൾ അവരുടെ കാര്യങ്ങളൊക്കെ ഫെബ്രുവരി 25-ാം തീയതിക്കകം സാധിച്ചുകൊടുക്കാമെന്നു പറഞ്ഞു് അവരെ സമാധാനപ്പെടുത്തി. ആ സമയം കഴിഞ്ഞുപോയി, അതുകഴിഞ്ഞും അനേകം ദിവസങ്ങൾ കഴിഞ്ഞിരിക്കുകയാണു്. ഇന്നും അദ്ധ്യാപകന്മാരുടെ വെയിറേജിൻറെ ചോദ്യം നിലവിലിരിക്കുകയാണു്. അതുംകൂടി പെട്ടെന്നു സാധിച്ചുകൊടുക്കാമെന്നു അദ്ധ്യാപകസംഘത്തിൻറെ പ്രതിനിധികളോടു മുഖ്യമന്ത്രി വാഗ്ദാനം ചെയ്തിട്ടുണ്ടു്. ഇങ്ങനെ നിർത്തിയില്ലെങ്കിൽ വരുമ്പോൾ വഴങ്ങികൊടുക്കുന്നതു് ഒരു പരിധിവരെ മാത്രമാണു്. സർ, ഒന്നുകൂടെ പറയാം. ഈ അസംബ്ലിയിലെ ഒരു വോട്ടിനുവേണ്ടി ഒരു മെമ്പറെ

LIBRARY ARCHIVES Kerala Legislative Assembly

സ്വാധീനപ്പെടുത്തിയിരിക്കുകയാണ്. സർ, ശ്രീ. ടി. എസ്സ്. രാമസ്വാമിയോട്, മണിയംകരം, ഉപ്പളം ഇവ സംബന്ധിച്ച് ശ്രീ. രാമസ്വാമി വിചാരിച്ചതുപോലെയുള്ള ഒരുത്തരവു പാസാക്കി കൊടുക്കാമെന്നു ഈ സഭയുടെ സമ്മതിച്ചിരിക്കുകയാണ്. മന്ത്രിമാരുടെ നിലനിൽപ്പിനു വേണ്ടി വോട്ടു സമ്പാദിക്കുന്ന മാർഗ്ഗങ്ങളാണ് ഇതൊക്കെ. അദ്ധ്യാപകന്മാരുടെ അവശതാപരിഹാരം നൽകുന്നതിനുവേണ്ടി വാഗ്ദാനം ചെയ്തിരിക്കുന്നു. അതുപോലെ മണിയംകരത്തിന്റെ കാര്യത്തിലും വാഗ്ദാനം ചെയ്തിരിക്കുകയാണ്. അങ്ങനെ മുൻമന്ത്രിയായിരുന്ന ശ്രീ. ചന്ദ്രശേഖരപിള്ള വന്ന് കാര്യം പറയുമ്പോൾ അദ്ധ്യാപകന്മാരുടെ സകല കാര്യങ്ങളും ഇന്നാം തീയതിക്കകം ചെയ്തുകൊടുക്കാം എന്നു പറയും. ഉടനെ രാമസ്വാമി വന്നു കണ്ടു പറയുമ്പോൾ അതും ഇന്ന തീയതിക്കകം സാധിച്ചുതരാം എന്നും പറയും. കഴിഞ്ഞ 20-ാം തീയതിക്കകം അദ്ധ്യാപകന്മാരുടെ ഡെയിറേറ്റ് കൊടുക്കാമെന്നു വാഗ്ദാനം ചെയ്ത മുഖ്യമന്ത്രി ഇതുവരെ കൊടുത്തിട്ടില്ല. അങ്ങനെ വാഗ്ദാനം ഒരാൾ, പ്രവൃത്തി മറ്റൊരാൾ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കഴിഞ്ഞ 20-ാം തീയതിക്കകം അദ്ധ്യാപകന്മാരുടെ ഡെയിറേറ്റ് കൊടുത്തുകൊള്ളാമെന്നു ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. പ്രാക്കുളം മോസി: ശ്രീ. ജി. ചന്ദ്രശേഖരപിള്ളയുടെ നേതൃത്വത്തിൽ ഒരദ്ധ്യാപക സംഘത്തിനെ ബഹുമാനപ്പെട്ട മന്ത്രി സന്ദർശിക്കുകയുണ്ടായിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയുണ്ടായിട്ടുണ്ട്.

ശ്രീ. പ്രാക്കുളം മോസി: അവർ ഉന്നയിച്ച പത്തു കാര്യങ്ങളിൽ മൂന്നു നാലെണ്ണം കഴിഞ്ഞ 25-ാം തീയതിക്കകം വഹിച്ചുകൊടുക്കാമെന്നു അവരോടു വാഗ്ദാനം ചെയ്തിട്ടില്ലായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. പ്രാക്കുളം മോസി: മണിയംകരംസംബന്ധിച്ച് രാമസ്വാമിയുടെ അപേക്ഷ സാധിച്ചുകൊടുത്തില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സാധിച്ചു കൊടുത്തില്ല.

ശ്രീ. പ്രാക്കുളം മോസി: സാധിച്ചുകൊടുക്കാമെന്നു വാഗ്ദാനം ചെയ്തിട്ടില്ലേ? (ഉത്തരമില്ല)

സർ, ഇങ്ങനെ ഓരോ മെമ്പർ വരുമ്പോഴും അവരുടെ കാര്യങ്ങൾ വോട്ടിനുവേണ്ടി സാധിച്ചുകൊടുക്കാനായി തയാറായിരിക്കുകയാണ്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: பட்டம் தாணுபிள்ளை பதவி வகித்த காலத்தில் புன்னப்புரை-வயலார் பிரதிகளை விடவேண்டுமென்று சொன்னபோது அவரது மந்திரிசபையை ஆதரித்தது நீங்கள் தானே?

ஸ்ரீ பிராக்குளம் மாஸி: அப்போது நான் சீப்-மினிஸ்டராய் இருக்கவில்லை என்று உங்களுக்குத் தெரியாதா?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പ്രാക്കുളം ഭാസി]

സർ, എനിക്കു പറയുവാനുള്ളതു് ആയുർവേദ ഡിപ്പാർട്ടുമെന്റിൽ സേവനം അനുഷ്ഠിക്കുന്ന പാവപ്പെട്ട വൈദ്യന്മാരുടെ കാര്യത്തിൽ പെട്ടെന്നൊരു തീരുമാനം എടുക്കുമെന്നു ഞാൻ വീണ്ടും ആവർത്തിക്കുകയാണു്. അതുപോലെതന്നെ ആയുർവേദ കോളേജിന്റെ കാര്യവും കൂടി ഈ അവസരത്തിൽ ഒന്നു സൂചിപ്പിക്കുന്നതു് ആവശ്യമായിരിക്കുകയാണു്. ആയുർവേദ കോളേജ് വിപുലമായ രീതിൽ നടത്തുന്നതിനുവേണ്ടി ധാരാളം പണം ഇൻഡ്യാ ഗവണ്മെന്റിൽ നിന്നുതന്നു നമുക്കു തന്നിട്ടുണ്ടു്. അങ്ങിനെയുള്ള വൻതുകകൊണ്ടാണു് ആ കോളേജ് നിർമ്മിച്ചിട്ടുള്ളതു്. ആ വക പണം നമ്മുടെയാരുടേയും കുടുംബസ്വത്തല്ല, ഭാര്യയുടെ വീതത്തിൽ കിട്ടിയതുമല്ല. ആയുർവേദകോളേജ് കെട്ടിടം പൂർത്തിയായതോടുകൂടി വിദ്യാർത്ഥികളും, മുമ്പിലത്തേതിനേക്കാൾ അധികം വന്നു ചേരാൻ ഇടയായിട്ടുണ്ടു്. എകദേശം പകുതിയോളം വിദ്യാർത്ഥികൾ അവിടെ അദ്ധ്യയനം നടത്തുകയാണു്. അങ്ങിനെയിരിക്കെയാണു് ആയുർവേദ കോളേജിലെ ഇപ്പോഴത്തെ ഒരു പ്രശ്നം ഉടലെടുത്തതു്. വിദ്യാർത്ഥികൾ ഉന്നയിച്ചിട്ടുള്ള വാദഗതികൾ ഒന്നുംതന്നെ ഗവണ്മെന്റു സ്വീകരിക്കാൻ തയാറാകുന്നില്ല. ചിലപ്പോൾ വിദ്യാർത്ഥികളുടെ പക്കൽനിന്നും ചില തെറ്റുകൾ ഉണ്ടായിരുന്നാലും ഒരുതവണ അവരുടെ ആവലാതിയിൽ അടങ്ങിയിരിക്കുന്ന തത്വമെന്താണെന്നു ഗവണ്മെന്റു ചിന്തിക്കാൻപോലും തയാറല്ല. അനവധിപണം ചെലവു ചെയ്തു ഉണ്ടാക്കിയിരിക്കുന്ന നമ്മുടെ ആയുർവേദകോളേജ് തന്നെ, ആയുർവേദത്തെ സംബന്ധിച്ചിടത്തോളം ഇൻഡ്യയ്ക്കു ഒരു മാതൃകയായി നിർന്നിരിക്കുകയാണു്. ഇൻഡ്യയിലുള്ള ഇതര സ്റ്റേറ്റുകളിൽ നടക്കുന്ന ആയുർവേദ പരീക്ഷകളിൽ എക്സാമിനർമാരായിട്ടു എടുക്കുന്നതു് ഇവിടെയുള്ള വൈദ്യന്മാരെയാണു്. മാത്രമല്ല യു. പി. ഗവണ്മെന്റുപോലും ആയുർവേദത്തെ സംബന്ധിച്ചു് ഉണ്ടാകുന്ന എല്ലാ കാര്യങ്ങളും ഇവിടത്തെ ആയുർവേദ ഡിപ്പാർട്ടുമെന്റിലെ ഹെഡ്ഡിനെയാണു് ക്ഷണിച്ചുകൊണ്ടുപോകുന്നതു്. അതുപോലെ ഈ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം, ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ആയുർവേദത്തിൽ വളരെ പുരോഗമനമുണ്ടായിട്ടുണ്ടു് എന്നഭിമാനിച്ചുകൊണ്ടിരിക്കുന്ന ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ആയുർവേദ കോളേജ് പൂട്ടിയിട്ടതു ഒരു വിധത്തിലും ന്യായീകരിക്കാവുന്നതല്ല ആയുർവേദകോളേജ് പൂട്ടിയിട്ടുകൊണ്ടു് എങ്ങനെ ഈ പ്രശ്നം പരിഹരിക്കാമെന്നാണു് ഗവണ്മെന്റു് ആലോചിക്കുന്നതു്. പ്രക്ഷോഭംകൊണ്ടു് മാത്രമേ ഗവണ്മെന്റു് ഇതിൽ എന്തെങ്കിലും പ്രവർത്തിക്കുകയുള്ളൂ എന്ന നിലയാണു് വന്നിട്ടുള്ളതു്. മൃസിയം പ്രക്ഷോഭണത്തെ സംബന്ധിച്ചിടത്തോളവും ഇതേ നിലയാണു് ഗവണ്മെന്റു് സ്വീകരിച്ചതു്. ഞാൻ എന്തെങ്കിലും ചെയ്യണമെന്നു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്, അതിനിടയിലാണു് സമരപ്രഖ്യാപനമുണ്ടായതു്, അതുകൊണ്ടാണു് ആ നടപടി നിറുത്തിവച്ചതു്. ഇതെല്ലാം മുഖ്യമന്ത്രി പറയുന്നതുകേട്ടു. ഇതിന്റെയെല്ലാം അർത്ഥമെന്താണു്. ഒരു ഗവണ്മെന്റാണു് ഇതു ചെയ്യേണ്ടതു്. അല്ലാതെ പനമ്പിള്ളി ഗോവിന്ദമേനോനല്ല. ഈ മാതിരിയുള്ള നിലപാടെല്ലാം ഒരു ചീഫ്മിനിസ്റ്റർ എന്നുള്ള നിലയിൽ സ്വീകരിക്കുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

ഒഴിക്കലും ആശാസ്യമല്ല. കാര്യം ന്യായമാണെങ്കിൽ ന്യായമായ നില പാടെടുക്കുക, അല്ലെങ്കിൽ തെറ്റായ നിലപാടെടുക്കുക, ആ രീതിയിലായിരിക്കണം ഗവണ്മെൻറ് ഇത്തരത്തിലുള്ള കാര്യങ്ങളെ പര്യാലോചിക്കേണ്ടത്. ചെയ്യാനുദ്ദേശിച്ചതു് അവർ സമരപ്രഖ്യാപനം ചെയ്തതുകൊണ്ട് ഞാൻ ചെയ്യുന്നില്ല എന്നു് ഒരിക്കലും പറയരുതു്. ആയുർവേദ വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ വാദം ന്യായമാണെന്നു് അതിലേയ്ക്കു് നിയുക്തമായ കമ്മിഷൻ റിപ്പോർട്ട് ചെയ്തിട്ടില്ലേ? ആ റിപ്പോർട്ട് എല്ലാ പത്രങ്ങളിലും വന്നിട്ടില്ലേ? പത്രങ്ങൾ അതൊന്നും വിദ്യാർത്ഥികളുടേതല്ല. ന്യായവും നീതിയും ഉള്ളതാണെന്നു കണ്ടതിനുശേഷമാണു് പത്രങ്ങൾ അതിനെക്കുറിച്ചു് മുഖപ്രസംഗങ്ങൾ എഴുതിയതു്. സിലബസ് രൂപീകരിക്കുന്നതിൽ മാഡേൺ മെഡിസിൻസ് കൂടി ഏർപ്പെടുത്തുമായി ആലോചിച്ചിട്ടില്ലെന്നും എന്നാൽ സിലബസ് അനുസരിച്ചു പഠിപ്പിക്കുകയാണെങ്കിൽ പഠിച്ചതു് പ്രാക്ടീസ് ചെയ്യുവാൻ അനുവദിക്കണമെന്നുമാണു് റിപ്പോർട്ടിൽ പറയുന്നതു്. എന്തായാലും കോളേജ് പൂട്ടിയിട്ടു. ഇനി എങ്ങനെയാണു് ഗവണ്മെൻറ് ഇതിനെ കൈകാര്യംചെയ്യുന്നതു്. സത്യഗ്രഹം നിർത്തിവച്ചു് രണ്ടു മൂന്നു ദിവസം കാത്തിരുന്നു. ഇനിയും ഗവണ്മെൻറ് അനങ്ങാൻ ഭാവമില്ല. വിദ്യാർത്ഥികൾ ഒരു പാർട്ടിയിലും ചേർന്നിട്ടുള്ളവരല്ല. ഇവിടെ ഇരുന്നൂറിനാൽപതോളം വിദ്യാർത്ഥികൾ അന്യസ്ഥലങ്ങളിൽനിന്നു വന്നു പഠിക്കുകയാണു്. മൂന്നുകൊല്ലം പഠിച്ചതിനുശേഷം നാലാമത്തെ വർഷം അവർ പഠിച്ചുകൊണ്ടിരിക്കുകയാണു്. പഠിത്തം പൂർത്തിയായതിനുശേഷം പഠിച്ചുകഴിഞ്ഞാൽ അവരെന്താണു് ചെയ്യുന്നതെന്നുള്ളതിനെപ്പറ്റി കുറെ പ്രശ്നങ്ങൾ ഗവണ്മെൻറിന്റെ മുൻപാകെ വച്ചു. അപ്പോഴാണു് കോളേജ് അടച്ചുപൂട്ടിയതു്. ഇനി സമരം ചെയ്താൽ മാത്രമേ പ്രശ്നത്തിനു് പരിഹാരം ലഭിക്കുകയുള്ളു എന്ന നിലയാണു് വന്നു ചേർന്നിരിക്കുന്നതു്. സെക്രട്ടറിയേറ്റിന്റെ പടിക്കൽ പിക്കറ്റു ചെയ്താൽ മാത്രമേ ഗവണ്മെൻറ് ശരിയായ ഒരു നിലപാടു് സ്വീകരിക്കുകയുള്ളു എന്നാണു് വന്നുചേർന്നിരിക്കുന്നതു്. അതുപോലെതന്നെ ഞാൻ ചില സംഗതികളും ഇവിടെ പറഞ്ഞപ്പോൾ അതു് മുഖ്യമന്ത്രി നിഷേധിക്കുകയാണു് ഉണ്ടായതു്. ആയുർവേദകോളേജിന്റെ ഇപ്പോഴത്തെ പ്രിൻസിപ്പൽ മദ്രാസിൽനിന്നും ഡിസ്മിസ് ചെയ്യപ്പെട്ട ഒരുദ്യോഗസ്ഥനാണെന്നു് ഞാൻ പറഞ്ഞപ്പോൾ അതു് അപ്പോൾതന്നെ മുഖ്യമന്ത്രി നിഷേധിച്ചു. എന്നാൽ കാര്യം പരമാർത്ഥമാണെന്നുള്ളതിനു് റിക്കാർഡുകൾ എന്റെ കൈവശമുണ്ടു്.

MR. SPEAKER: Please Conclude.

ശ്രീ. പ്രാക്കുളം ഭാസി: ഡിസ്മിസ് ചെയ്യുന്നില്ല, യാതൊരു തകരാറുമില്ല എന്നെല്ലാം പറയുകയുണ്ടായി. ഇതിനെ മറുപടി പറയുന്നതുകൊണ്ടു്, മി. മുണ്ടശ്ശേരി മാസ്റ്റർ പറയുന്നതുപോലെ യാതൊരു പ്രയോജനവുമില്ല. ഇവിടെ പറയുന്നതു് ശരിയാണോ എന്നു് അന്വേഷിക്കുന്നതിനുപോലും തയ്യാറാകാതെയാണു് മറുപടി പറയുന്നതു്.—ഏതായാലും എനിക്കു് ഈ ധനവിനിയോഗ ബില്ലിനെ സംബന്ധിച്ചിടത്തോളം ഒന്നുകൂടി ഗവണ്മെൻറിനോടു് പറയുവാനുള്ളതു് ഗ്രാമങ്ങളിലെ വിതരണത്തിനുവേണ്ടി പബ്ലിക്ക്ഹെൽത്തു് ഡിപ്പാർട്ടുമെൻറിൽനിന്നും വരുത്തി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പ്രാക്കുളം ജാസി]

യിട്ടുള്ള എൻജിൻ ശരിയാക്കാതെ കിടന്നകാലത്തുള്ള ഡമറേജിനു് ഉത്തരവാദികൾ ആരാണെന്നു് കണ്ടുപിടിക്കണമെന്നും ആണറി വെടുത്തവരുടെ അലവൻസു് തിരിയെ കൊടുക്കണമെന്നും ആണു്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ബില്ലിനെ എതിർക്കുന്നു.

ശ്രീ. എ. ജെ. ജാൻ: സർ, ഈ സപ്ലിമെൻററി ഗ്രാൻറിന്റെ ചർച്ചാവേളയിൽ ബഡ്ജറ്റിനെ സംബന്ധിച്ചുള്ള ചർച്ചകളാണു് ഇവിടെ നടന്നതു്. സപ്ലിമെൻററി ഗ്രാൻറിനെ സംബന്ധിച്ചു് എന്തെങ്കിലും പറയുന്നതിനു പകരം അതിനോടു് ബന്ധമില്ലാത്ത ആവശ്യമില്ലാത്ത കാര്യങ്ങളെക്കുറിച്ചാണു് ഇവിടെ പറയുകയുണ്ടായതു്. ശ്രീമാൻ ലൂയിസ് ആദ്യമായി പ്രസ്താവിച്ചതു് പിന്നാക്കസമുദായത്തിനു് ആവശ്യമുള്ള സൗജന്യങ്ങൾ ചെയ്തിട്ടില്ലെന്നും അടുത്തകൊല്ലമെങ്കിലും അതിനാവശ്യമുള്ള നടപടിയെടുക്കണമെന്നുമാണു്. എന്നാൽ കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റ് മനോക്കുമ്പോൾ പിന്നാക്കസമുദായക്കാരുടെ വിദ്യാഭ്യാസ സൗജന്യത്തിനു വേണ്ടി പതിമൂന്നലക്ഷത്തിൽ ചിലവാനം തുക നീക്കിവച്ചിട്ടുള്ളതായി കാണുവുന്നതാണു്. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിൽ കഴിഞ്ഞകൊല്ലത്തേയ്ക്കു് അനുവദിച്ചിരുന്ന തുകയുടെ 50 ശതമാനമാണു് കൂടുതൽ അനുവദിച്ചിട്ടുള്ളതെന്നു് കാണാൻ കഴിയും. ഇതു നോക്കുമ്പോൾ പിന്നാക്കസമുദായത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ സൗജന്യത്തിനുവേണ്ടി ഗവണ്മെൻറു് വേണ്ടതരത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നു് അദ്ദേഹത്തിനു് ബോദ്ധ്യപ്പെടുന്നതാണു്. എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ കാര്യം പ്രത്യേകിച്ചു് പറഞ്ഞിട്ടുണ്ടു്.

"The provisions made for the next year include Rs. 1·85 lakhs for rendering medical aid to scheduled castes and tribes, Rs. 0·42 lakhs for organising model welfare centres, Rs. 2·85 lakhs for eradication of untouchability, Rs. 1·44 lakhs for starting colonies, Rs. 19·06 lakhs for giving educational concessions to scheduled castes, other backward communities and Christian converts, and for providing wells, latrines, burial grounds etc."

ഇത്ര വലിയൊരു തുക കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നതിനുപുറമെ ഇക്കൊല്ലം അതിന്റെ 50 ശതമാനംകൂടി ചേർത്തിരിക്കുന്നതിനു ഗവണ്മെൻറിനെ അനുമോദിക്കുന്നതിനു പകരം അതു് ഉപകരമായില്ല എന്നു പറയുന്നതു് ശരിയല്ല.

SHRI A. A. D. LUIZ: I said reimbursements are not made to the institutions in time. I did not comment on the figures.

ശ്രീ. എ. ജെ. ജാൻ: അതിലേയ്ക്കു താമസം നേരിട്ടിട്ടുണ്ടെങ്കിൽ മേലാൽ അങ്ങനെ വരാതിരിക്കുന്നതിനു് ഉടൻ നടപടി എടുക്കാം. ഒരു കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം. ബില്ലും മറ്റും വരുമ്പോൾ സപ്ലിമെൻററി ഗ്രാൻറു് സംബന്ധിച്ചു വിശദീകരണങ്ങളെക്കുറിച്ചും മറ്റും ചോദിക്കാതെന്നല്ലാതെ ബഡ്ജറ്റിനെ സംബന്ധിച്ചു് പൊതു

LIBRARY ARCHIVES Kerala Legislative Assembly

വായ ഒരു വിമർശനം നടത്തുന്നതു ശരിയല്ല. ശ്രീ. ലൂയിസ് പറഞ്ഞ തുപോലെ ചില കാലതാമസമൊക്കെ ചില കാര്യങ്ങളിലും ഉണ്ടായി എന്നുവരാം. അതായതു് റീ ഇംബേഴ്സ്മെൻറ് കാര്യം വരുമ്പോൾ അതിനെക്കുറിച്ചു ചില സാങ്കേതികങ്ങളായ കാര്യങ്ങളും നിറവേറേണ്ടതായി വരും. അങ്ങനെ വരുമ്പോൾ ചില താമസമൊക്കെ ഉണ്ടായെന്നു വരാം.

അടുത്തതായി മി. ലൂയിസ് ഹരിജൻ കോളനികളെപ്പറ്റിയും, ഷെഡ്യൂൾഡ് കാസ്റ്റിനെറയും കാര്യത്തെപ്പറ്റി പറഞ്ഞു. അതു് എന്റെ പ്രസംഗം കേട്ട ശേഷവും ഇങ്ങനെയുള്ള പ്രസ്താവന വേണ്ടിയിരുന്നോയെന്നു് എനിക്കു സംശയമുണ്ടു്. കഴിഞ്ഞ ആഗസ്റ്റുമാസത്തിൽ മലവഴ്ക്കാരുടെയും മറ്റും കാര്യം അന്വേഷിച്ചു് റിപ്പോർട്ടുചെയ്യുന്നതിനു് ഇതിലേക്കു് വൈദഗ്ദ്ധ്യമുള്ള മി. മേക്കിന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി നിയമിച്ചു. ആ കമ്മിറ്റി മൂന്നു നാലു മാസക്കാലം ആവശ്യമുള്ള എല്ലാ സ്ഥലങ്ങളിലും സഞ്ചരിച്ചു് മലവഴ്ക്കാരുടെ സ്ഥിതിഗതികളും മനസ്സിലാക്കി പ്ലാനും മറ്റും തയ്യാറാക്കി ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടു്. അതിന്റെ ചുരുക്കം എന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്.

"The Committee appointed by Government in August 1955 to conduct an enquiry into and report on the conditions of Hill Tribes has now submitted an interim report. The Committee has examined in detail the present condition of the various Hill Tribes, and has recommended the immediate implementation of three Pilot schemes, concerning (1) the Muthuvans of the Idamalai Country (2) the Hill Pulayas of Champakad and (3) the Kudars of Parambikulam. The details of the schemes are being scrutinised by the Government and it is expected that a decision on the recommendations of the Committee will be taken soon.

പിന്നീടു് അദ്ദേഹം പറഞ്ഞതു് മന്ത്രിമാരും മറ്റും സർക്കീട്ടുചെയ്യുമ്പോൾ കുടിലുകളിൽ താമസിച്ചാൽ കൊള്ളാമെന്നാണു്. അടുത്ത കാലത്തു് അദ്ദേഹം പോയിപ്പോയപ്പോൾ കുടിലുകളിൽ താമസിച്ചിരുന്നുവെങ്കിൽ അതു് മന്ത്രിമാർക്കു് ഒരു വഴികാട്ടിയാകുമായിരുന്നു.

SHRI A. A. D. LUIZ : I said about Harijan colonies.

ശ്രീ. എ. ജെ. ലൂൺ : അടുത്തതായി ശ്രീ. മണ്ടയ്ക്കരി അവർകൾ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സപ്ലിമെന്ററി ഗ്രാൻറ് അനുവദിക്കുന്നതിനെപ്പറ്റി രൂക്ഷമായി വിമർശിച്ചു. അദ്ദേഹം പറഞ്ഞതു് പി. ഡബ്ലിയു. ഡി., ഇലക്ട്രിസിറ്റി മുതലായവയ്ക്കു് ഉപയോഗിക്കാതെയിരുന്ന തുക വിനിയോഗിക്കാതെയിരുന്നതിനെപ്പറ്റി പറയുകയുണ്ടായി. അതിനു കാലതാമസം വേണ്ടിവരും. ബഡ്ജറ്റ് പാസ്സാക്കിയതിനു ശേഷമാണു് ജോലി നടത്തിക്കുന്നതിനു് കൺട്രാക്റ്റർമാർക്കു് കൺട്രാക്റ്റു നൽകുന്നതു്. പണി തുടങ്ങി കുറെ കഴിയുമ്പോഴേയ്ക്കും വർഷകാലം വന്നുചേരുവാം. അപ്പോൾ പണി തുടരാൻ സാധ്യമല്ല. അങ്ങനെയിരിക്കെ അനുവദിച്ച തുകയുടെ പാതിയെങ്കിൽ ഒന്നുവീതം ഓരോമാസവും ചെലവാക്കണമെന്നു പറയുന്നതു് പ്രായോഗികമല്ല. മാത്രമല്ല, ജോലിക്കു് ആവശ്യമുള്ള മെഷ്യനറി, സിമൻറ് മുതലായവ സമയത്തു ലഭിച്ചില്ലെന്നുവരാം. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകളെല്ലാം ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇതിനെക്കൂടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടല്ലേ വകകൊള്ളിക്കുന്നത്?

ശ്രീ. എ. ജെ. ജാൺ : അതെ.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെയാണെങ്കിൽ ഡിപ്പാർട്ടുമെന്റൽ വക്കുകൾ ചെയ്യാമല്ലോ?

ശ്രീ. എ. ജെ. ജാൺ : അതുതന്നെയാണ് ഞാൻ മുമ്പേ പറഞ്ഞതു്. സാധനങ്ങൾ കൈയ്യിലുണ്ടെങ്കിലും വർഷകാലത്തു് ഇതൊന്നും ചെയ്യാൻ സാദ്ധ്യമല്ല. അതോടുകൂടി കൺട്രാക്റ്റർമാർ എഗ്രിമെന്റ് എക്സിക്യൂട്ട ചെയ്യുന്നതിനു താമസമുണ്ടാകും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ചീഫ് ഇൻജിനീയരോടു ചോദിച്ചു രി എസ്റ്റിമേറ്റ തയ്യാറാക്കാതെയാണ് വകകൊള്ളിക്കുന്നതെന്നു പറഞ്ഞല്ലൊ.

ശ്രീ. എ. ജെ. ജാൺ : ഒരുവേള അതു ശരിയായിരിക്കും. എങ്കിലും മഴക്കാലത്തെ ബുദ്ധിമുട്ടുണ്ടു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പെൻഷൻകാർക്കു് പെൻഷൻ അനുവദിക്കുന്നതിനു് എന്താണു താമസം? അതിനു മഴക്കാലം ബാധകമാണോ?

ശ്രീ. എ. ജെ. ജാൺ : പെൻഷൻ അനുവദിക്കുന്നതിനെ സംബന്ധിച്ചു് കാലതാമസം വളരെ കുറഞ്ഞിട്ടുണ്ടു്. രണ്ടോ മൂന്നോ ആഴ്ചകൾ അതിനെ സംബന്ധിച്ചു സ്റ്റേറ്റുമെന്റ് അയയ്ക്കണമെന്നു് എല്ലാ ഡിപ്പാർട്ടുമെന്റുകളിലും നിഷ്കർഷയായി ഉത്തരവയച്ചിട്ടുണ്ടു്. ഓരോ കാലം വരച്ചു് മൂന്നു കൊല്ലത്തിനകം പെൻഷൻ പറ്റാവുന്ന ഉദ്യോഗസ്ഥന്മാരുടെ വിവരങ്ങൾ രണ്ടോ മൂന്നോ ആഴ്ചകളിലൊരിക്കൽ അയയ്ക്കണമെന്നു് പറഞ്ഞിട്ടുണ്ടു്? അതെല്ലാം പരിശോധിച്ചു് താമസത്തിനുള്ള കാരണങ്ങൾ ഒഴിവാക്കിക്കൊണ്ടുവരികയാണു്. കുറെ കുറഞ്ഞു എന്നു പറയുകയല്ല, എങ്കിലും ഗണ്യമായതോതിൽ കുറഞ്ഞിട്ടുണ്ടു്. അങ്ങനെ കാലതാമസം വരുമെന്നു് തോന്നുന്ന കേസുകളെ സംബന്ധിച്ചിടത്തോളവും ആൻറിസിപ്പേറ്ററി പെൻഷൻ കൊടുക്കുന്നുണ്ടു്.

ശ്രീ. ടി. എസ്സ്. രാമസ്വാമി : പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കു് രണ്ടണവീതം മാനേജുമെന്റ് കൊടുക്കണമെന്നുള്ളതിനെ സംബന്ധിച്ചു് എന്താണു പറയുവാനുള്ളതു്? അതു് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. എ. ജെ. ജാൺ : അതേ സംബന്ധിച്ചു് ഗവണ്മെന്റിനു യാതൊരറിവും ഇല്ല. ഇനി കോസ്റ്റൽ വാട്ടർ സപ്ലൈ സംബന്ധിച്ചു് ശ്രീമാൻ മുണ്ടശ്ശേരി പറയുകയുണ്ടായി. അതു് ഗവണ്മെന്റിനു തന്നെ നല്ല പ്രാധാന്യമുള്ള ഒരു സംഗതിയാണു്. തീരപ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിനു സത്വരനടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണു്. ശ്രീമാൻ ഓസിയും ഇതിനെക്കുറിച്ചു പറയുകയുണ്ടായി. ശ്രീമാൻ ഓസി പറഞ്ഞ മറ്റൊരു കാര്യം പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ നിന്നും വരുത്തിയിട്ടുള്ള എൻജിൻ എടുക്കുന്നതിനു താമസിച്ചതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

ഡമറേജ് കൊടുക്കാൻ ഇടയായി എന്നും ഇത് നഗരവാദികളെ കണ്ടെത്തിക്കണമെന്നും. ഞാൻ അന്വേഷിച്ചതിൽ ഡമറേജ് കൊടുക്കേണ്ട ആവശ്യം വന്നില്ലെന്നാണ് അറിയുന്നത്. ആ ഡിപ്പാർട്ടുമെന്റിൽ യാതൊരു താമസവും ഉണ്ടായിട്ടില്ല. ഇപ്പോൾ രണ്ട് എൻജിൻ വരുത്തിയിട്ടുണ്ട്. ഇനിയും രണ്ടെണ്ണംകൂടി വരുത്തുന്നുണ്ട്. ജലവിതരണത്തിനു് ഗവണ്മെന്റ് സവ്വപ്രാധാന്യവും നൽകിയിട്ടുണ്ട്. അതിനു് സത്വര നടപടികളും എടുത്തു് ഈ പ്രശ്നം പരിഹരിക്കുന്നതാണു്.

പിന്നീടു് കണ്ടോ സെറാമിക്കു് ഫാക്റ്ററിയെപ്പറ്റിപ്പറഞ്ഞു. അതേപ്പറ്റി എനിക്കു് പറയാനുള്ളതു് അവ്വടെയുള്ളതായ സാധനങ്ങൾ എത്രയും വേഗം വിറ്റഴിക്കുന്നതിനുള്ള നടപടികളെല്ലാം തുടങ്ങിയിരിക്കുകയാണു്.

അടുത്തതായി സ്റ്റോറ് എയിഡ്ഡ് ഇൻഡസ്ട്രീസു് ആക്റ്റനുസരിച്ചുള്ള ലോൺ കൊടുക്കേണ്ടതായ ആവശ്യമില്ലെന്നും മുണ്ടശ്ശേരി ഇവിടെ പറഞ്ഞു. അതേപ്പറ്റി ചീഫ്മിനിസ്റ്റർ പറഞ്ഞിട്ടുള്ളതാണു്, ഇവിടെ ഒരു ഇൻഡസ്ട്രിയൽ ഫൈനാൻസു് കാപ്പോറേഷനുണ്ടു്, അതു് വലിയതുകകൾ കടം കൊടുക്കുന്നതിലേയ്ക്കു വേണ്ടിയുള്ളതാണു്. എന്നാൽ സ്റ്റോറ് എയിഡ്ഡ് ഇൻഡസ്ട്രീസു് ആക്റ്റനുസരിച്ചു് കടം കൊടുക്കുന്നതു് ചെറിയതരം വ്യവസായങ്ങൾക്കു വേണ്ടിയും നാടിനെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുമാണു്. അങ്ങനെ ചെറിയ ചെറിയ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു് ധനസഹായം ചെയ്യുന്നതിലേയ്ക്കായി ഒരു സ്റ്റോറ് എയിഡ്ഡ് ഇൻഡസ്ട്രീസു് ആക്റ്റു് നടപ്പിൽ വരുത്തണമെന്നു് തിരുവിതാംകൂർ-കൊച്ചിയുടെ വിവിധ ഭാഗങ്ങളിൽനിന്നും അഭിപ്രായപ്പെട്ടതനുസരിച്ചു് ആ നിയമം ഇവിടെ പാസ്സാക്കുകയുണ്ടായതു്. എന്തെങ്കിലും ഒരു ബഹുമാനപ്പെട്ട മെംബർക്കു് ഈ ആക്റ്റു് ആവശ്യമില്ലെന്നു തോന്നുന്നപക്ഷം അതു റിപ്പീൽ ചെയ്യുന്നതിലേയ്ക്കു് ഒരു പ്രൈവറ്റ് ബിൽ കൊണ്ടുവരികയാണെങ്കിൽ അതു് ഈ സഭയിൽ ചർച്ചയ്ക്കെടുക്കുന്നതിനും ഗവണ്മെന്റിനു് വിരോധമില്ല. അപ്പോൾ കാണാം തിരുവിതാംകൂർ-കൊച്ചിയിലെ ചെറിയ വ്യവസായികർക്കെല്ലാം ബുദ്ധിമുട്ടുണ്ടാകുന്നതും ഈ ചെറിയ ചെറിയ വ്യവസായികർ എല്ലുമുടി ശക്തിയായ പ്രക്ഷോഭണം നടത്തുന്നതും. അതുകൊണ്ടു് ബഹുമാനപ്പെട്ട മെംബർ മുണ്ടശ്ശേരി ഇതു് ശരിയായി മനസ്സിലാക്കാതെ പറഞ്ഞിട്ടുള്ളതാണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഈ ബോർഡിൽനിന്നും വായ്പകൾ അനുവദിക്കുന്നതു് ചെറിയ വ്യവസായികർക്കാണോ?

ശ്രീ. എ. ജെ. ജോൺ : അതെ.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതുപോലെയാണെങ്കിൽ ഈ സ്മാൾ ഇൻഡസ്ട്രീസു് സഹകരണ ടെസ്റ്റുമെന്റിലും പ്രവർത്തിക്കുന്നതല്ലേ നല്ലതു്?

ശ്രീ. എ. ജെ. ജോൺ : ഇപ്പോൾ ചെറുകിട വ്യവസായങ്ങൾക്കു് വായ്പകൾ കൊടുക്കുന്നതു് ഈ നിയമം പാസ്സാക്കിയതിനുശേഷമാണു്. ബഹുമാനപ്പെട്ട മെംബർക്കു് ഈ ആക്റ്റു് റിപ്പീൽ ചെയ്യണമെന്നു് അഭിപ്രായമുണ്ടെങ്കിൽ ഒരു ബിൽ ഇവിടെ കൊണ്ടുവരാവുന്നതാണു്. അങ്ങനെ ഒരു പ്രൈവറ്റ് ബില്ലു് കൊണ്ടുവന്നു് ചർച്ചയ്ക്കെടുക്കുമ്പോൾ അറിയാം ഇവിടത്തെ സാധാരണക്കാരായ വ്യവസായികർക്കു് സഹായം ആവശ്യമുണ്ടോയെന്നു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ ചെറുകിട വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചതായിരിക്കണമെന്ന് രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വല്ല അഭിപ്രായമോ, നിർദ്ദേശമോ ഉണ്ടോ; ഒരു കോവാപ്പറേറ്റീവ് സെറ്റപ്പ് വേണമെന്ന് വല്ല വ്യവസ്ഥയും ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: അത് നാണല്ലോ ഈ സ്കീമിൽ ഇൻഡസ്ട്രീസ് കോവാപ്പറേറ്റീവ് സൊസൈറ്റീസ് ഉണ്ടാക്കിയിരിക്കുന്നത്.

പിന്നീട് അദ്ദേഹം ഗവണ്മെൻറിന്റെ ലേബർ പാളിസിയെപ്പറ്റി പ്രസ്താവിക്കയുണ്ടായി. അതേപ്പറ്റി ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ പല അവസരങ്ങളിലും പ്രസ്താവിച്ചിട്ടുള്ളതാണ്. ഈ ഗവണ്മെൻറിന്റെ നയം വ്യക്തമാക്കിയിട്ടുള്ളതുമാണ്. പിന്നെ ഗവണ്മെൻറിന്റെ ലേബർ പാളിസി എങ്കിലും ഇവിടെ നടപ്പാക്കരുതോ എന്നാണ് അദ്ദേഹം ചോദിച്ചത്. ലേബർ പാളിസിയെ സംബന്ധിച്ച് പറയുന്നകൂട്ടത്തിൽ എനിക്ക് പറയുവാനുള്ളത് ഇവിടെ മിനിമംവേജസ്, ആക്ട്റം, മറ്റ ലേബർനിയമങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്; മറ്റ സ്റ്റേറ്റുകളിൽ നടപ്പിൽ വരുത്തിയിട്ടുള്ളതിൽ കൂടുതലായി ഈ സ്റ്റേറ്റിൽ അവ നടപ്പിൽ വരുത്തിയിട്ടുണ്ട്. പിന്നെ ഗവണ്മെൻറിന്റെ ലേബർപാളിസിയാണെങ്കിൽത്തന്നെയും തൊഴിലാളികൾ നിയമരഹിതരായി പ്രക്ഷോഭണം ഉണ്ടാക്കിയാൽ അതിനു കീഴ്വഴങ്ങുകയില്ല എന്നുള്ളതും ബഹുമാനപ്പെട്ട മെമ്പർക്ക് മനസ്സിലാക്കാൻ സാധിക്കും. നിയമരഹിതമായ ഒരു സ്ട്രൈക്കുണ്ടാക്കുമ്പോൾ അത് നിയമരഹിതമാണെന്ന് നേരത്തെ പ്രഖ്യാപിച്ചതിനുശേഷം യാതൊരു വിധത്തിലും ഒരു ട്രൈപാർട്ടി കാൺഫറൻസിനും അനുകൂലിച്ചിട്ടില്ല.

ശ്രീമാൻ ചാഴിക്കാടൻ ഈ ബഡ്ജറ്റ് മദ്രാസിൽ അച്ചടിച്ചതു വളരെ സരസമായിട്ടും വളരെ ഹൃദയസ്പർശിയായിട്ടും ഇവിടെ പറഞ്ഞു. അതേപ്പറ്റി എനിക്കും സ്വല്പം പ്രസ്താവിക്കാനുണ്ട്. സാധാരണ ബഡ്ജറ്റ് തയ്യാറാക്കി പ്രസ്സിൽ കൊടുക്കുന്നതു അഞ്ചോ ആറോ ദിവസത്തിനു മുമ്പാണ്. സാധാരണ രീതിയനുസരിച്ച് ഈ കൊല്ലം ബഡ്ജറ്റ് തയ്യാറാക്കി പ്രസ്സിൽ അച്ചടിക്കുന്നതിനായി കൊടുത്തു. ആ സമയത്തു പ്രസ്സിലുള്ള തൊഴിലാളികൾ ബഡ്ജറ്റ് അച്ചടിക്കണമെങ്കിൽ തങ്ങൾ ഗവണ്മെൻറിന്റെ മുമ്പിൽ വച്ചിരിക്കുന്ന അവകാശവാദങ്ങൾ അനുവദിച്ചെങ്കിൽമാത്രമേ സാധിക്കയുള്ളൂ എന്നു പറയുകയുണ്ടായി. ഇങ്ങനെ നിയമരഹിതമായ ആവശ്യങ്ങൾക്കു കീഴ്വഴങ്ങുന്നതിനു ഗവണ്മെൻറിനു സമ്മതമില്ലാത്തതുകൊണ്ട് അതു മദ്രാസിൽ അച്ചടിച്ചതാണ്. ഇവിടെയാണെങ്കിൽ മദ്രാസിലുള്ളതിനെക്കാൾ വളരെ കൂടുതലായ ശമ്പളമാണ് കൊടുത്തുകൊണ്ടിരിക്കുന്നതു. അങ്ങനെയാണെങ്കിൽത്തന്നെയും അവർക്ക് ഓവർടൈം ജോലി ചെയ്യാൻ സാധ്യമല്ല എന്നു പറയുകയും അതിലേക്കു കൂടി കൂടുതലായി ആളുകളെ നിയമിക്കയുംചെയ്തു. അതിനുശേഷമാണ് അവർ ഈ ന്യായരഹിതമായ വാദം പുറപ്പെടുവിച്ചതു. ഇനിയും ഈ പ്രസ്സിലെ ജോലിക്കാരെ വിശ്വസിച്ച് ഈ ബഡ്ജറ്റ് അവിടെ കൊടുക്കുകയാണെങ്കിൽ ഈ ബഡ്ജറ്റ് സമയത്തിനു പ്രസൻറ്ചെയ്യാൻ സാധിക്കാതെ വരുമെന്നുള്ളതുകൊണ്ടാണ് ഈ ബഡ്ജറ്റ് മദ്രാസിൽ അച്ചടിച്ചതു.

ശ്രീ. കെ. ബാലകൃഷ്ണൻ : ഗവണ്മെൻറ് പ്രസ്സിൽ നടന്ന സംഭവങ്ങൾ ഉത്തരവാദിത്വപ്പെട്ടവർ മനസ്സിലാക്കിട്ടാണോ മന്ത്രി ഇപ്പോൾ അത്തരം പറയുന്നത്?

ശ്രീ. എ. ജെ. ജോൺ : വളരെ പ്രയാസമായി മനസ്സിലാക്കിയതിനു ശേഷമാണ് അതു് മദ്രാസിലയയ്ക്കാൻ ഇടയായതു്.

ശ്രീ. കെ. ബാലകൃഷ്ണൻ: ഒരു ദിവസത്തെ സാവകാശം കൊടുത്തിരുന്നെങ്കിൽ അതു് മദ്രാസിൽ അയയ്ക്കുന്നതു് ഒഴിവാക്കുമോ?

ശ്രീ. എ. ജെ. ജോൺ : അങ്ങനെ ഒരുദിവസം സാവകാശം കൊടുക്കുന്നതിനു് വ്യവസ്ഥയുണ്ടായിരുന്നു; മനസ്സിലായിരുന്നു.

ശ്രീ. എ. താണുപിള്ള : ഇതു് ഇവിടത്തെ ഗവണ്മെൻറ് പ്രസ്സിലുള്ള വിഷമങ്ങൾകൊണ്ടാണോ കൊച്ചിയിലുള്ള ഗവണ്മെൻറ് പ്രസ്സിലെ വിഷമങ്ങൾകൊണ്ടാണോ?

ശ്രീ. എ. ജെ. ജോൺ : കൊച്ചിയിലുള്ള പ്രസ്സിൽ ബഡ്ജറ്റ് അച്ചടിക്കാനുള്ള സൗകര്യമില്ല.

DR. A. R. MENON: How do you propose to deal with these people?

ശ്രീ. എ. ജെ. ജോൺ: അതേപ്പറ്റി ഗവണ്മെൻറ് വളരെ ശക്തിയായ നടപടികൾ നടത്തുമെന്നാണു വിചാരിക്കുന്നതു്. ഇതുപോലെയുള്ള ന്യായരഹിതമായ അവകാശവാദങ്ങൾക്കു് കീഴ്പ്പെടാൻ ഗവണ്മെൻറ് വിചാരിക്കുന്നില്ല. ഏതു രാഷ്ട്രീയപാർട്ടിയുടെ അനുഭാവത്തോടുകൂടിയായാലും അതിനു ഗവണ്മെൻറ് വഴങ്ങാൻ പോകുന്നില്ലായെന്നു് വളരെ ഖണ്ഡിതമായ അഭിപ്രായമാണു് അതേപ്പറ്റി പറയാനുള്ളതു്. ഈ ബഡ്ജറ്റ് 9-ാംതീയതി പ്രസൻറുചെയ്യണമെന്നു പറയുമ്പോൾ മൂന്നാംതീയതിയോ നാലാംതീയതിയോ അവർ പറയുന്നതു തങ്ങളുടെ സൗകര്യങ്ങൾ സാധിച്ചുതന്നില്ലെങ്കിൽ അതു് അച്ചടിക്കാൻ സമ്മതമില്ലാ എന്നു്. അങ്ങനെ ഗവണ്മെൻറിനെ മുട്ടുകുത്തിക്കാം എന്നു് അവർ വിചാരിച്ചു. അതു് സാധിക്കാൻ ഗവണ്മെൻറ് തയ്യാറില്ലായിരുന്നു.

ശ്രീ. കെ. ബാലകൃഷ്ണൻ : ആ ഡിസ്പ്യൂട്ട് സൈഡിൽ ചെയ്തില്ലേ?

ശ്രീ. എ. ജെ. ജോൺ : ഇപ്പോൾ അവർ പറയുന്നു ഞങ്ങൾ ഒന്നും പറഞ്ഞില്ലാ എന്നു്.

ശ്രീ. കെ. ബാലകൃഷ്ണൻ : ഗവണ്മെൻറ് മുട്ടുകുത്തിയില്ലായെന്നാണു അവർ പറയുന്നതെങ്കിൽ മുട്ടുകുത്തിയിട്ടുണ്ടു്.

ശ്രീ. എ. ജെ. ജോൺ : ഞാൻ അതു് സമ്മതിക്കുന്നില്ലായെന്നുള്ളു. ഗവണ്മെൻറിനെ മുട്ടുകുത്തിക്കാൻ സാധ്യമല്ല.

ശ്രീ. എ. താണുപിള്ള : ഇവിടത്തെ ഗവണ്മെൻറ് പ്രസ്സുകാർ ബഡ്ജറ്റ് അച്ചടിച്ചു തരുന്നില്ല; അതുകൊണ്ടു് നിങ്ങൾ അച്ചടിച്ചു തരണമെന്നു് അവിടത്തെ പ്രസ്സുകാരോടു പറഞ്ഞതാ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : മദ്രാസ് ഗവണ്മെൻറിനോടാവശ്യപ്പെട്ടു.

ശ്രീ. ജോസഫ് ചാഴിക്കാടൻ : മദ്രാസിൽ ഇതു് അച്ചടിച്ചതു കൊണ്ടു് ഇവിടെ അച്ചടിക്കുന്നതിനു് ചെലവു വരുന്നതിനെക്കാൾ എത്ര രൂപാ കൂടുതൽ ചെലവു വന്നിട്ടുണ്ടു്?

ശ്രീ. എ. ജെ. ജാൺ : ചെലവിൽ വലിയ വ്യത്യാസം വരുമെന്നു തോന്നുന്നില്ല. ഇവിടെയാണെങ്കിൽ പ്രസ്സിലെ തൊഴിലാളികൾക്കു് ഓവർടൈം കൊടുക്കണം. ഇതിൻറെ അച്ചടിക്കായി നാലഞ്ചുപേർ ഇവിടെനിന്നും മദ്രാസിൽ പോയതിനുള്ള യാത്രച്ചെലവാണു് പ്രധാനമായി വന്നതു്. മിക്കവാറും ഓവർടൈം കൊടുക്കാതെയാണു് അച്ചടിപ്പിച്ചതു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഇവിടെ എന്തിനാണെങ്കിലും ഓവർടൈം കൊടുക്കണമെന്നാണോ വ്യവസ്ഥ?

ശ്രീ. എ. ജെ. ജാൺ : ഓവർടൈം കൊടുത്തുകൊണ്ടാണിരിക്കുന്നതു്.

Dr. A. R. MENON : How do you propose to recoup the loss sustained by Government? Do you contemplate taking any action to recover the amount?

Mr. SPEAKER : I am disallowing that question, since the hon. Member is not in his seat.

Dr. A. R. MENON : I beg your pardon, Sir.

ശ്രീ. പി. ആർ. മാധവൻപിള്ള : മദ്രാസിലെ തൊഴിലാളികളുടെ കൂലി കുറവാകയാൽ ഇനിമേലാൽ ഗവണ്മെൻറുവക മുഴുവൻ അച്ചടിയും അവിടെ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഈ സഭയുടെ സമയം മുഴുവൻ കളയാനാണെങ്കിൽ ഞാൻ മറുപടി പറയുന്നില്ല. അവിടത്തെ ചെലവു കുറഞ്ഞതുകൊണ്ടു് മദ്രാസിൽ അച്ചടിക്കുവാൻ അയച്ചു എന്നല്ല ഞാൻ പറഞ്ഞതു്. ഈ അവസരത്തിൽ അതുമാത്രമെ ചെയ്യാൻ നിവൃത്തിയുണ്ടായിരുന്നുള്ളൂ. അതുകൊണ്ടു് മദ്രാസിൽ കൊണ്ടുപോയി അച്ചടിപ്പിച്ചു.

പിന്നീടു് ആണറി വൈദ്യന്മാരുടെ ശമ്പളത്തിൽ എന്തോ കുറവു് ചെയ്യുന്നതായി ശ്രീമാൻ ഭാസി പ്രസ്താവിച്ചു. അതെപ്പറ്റി.....

ശ്രീ. പ്രാക്കുളം ഭാസി : എന്തോ അല്ല. 22 രൂപാ ആണറി വൈദ്യന്മാർക്കു് അലവൻസു് കിട്ടിവരുന്നതു് ഈ കഴിഞ്ഞ ഫെബ്രുവരി മാസംമുതൽ വെട്ടിക്കുറച്ചു എന്നാണു പറഞ്ഞതു്.

ശ്രീ. എ. ജെ. ജാൺ : ഞാൻ അതെപ്പറ്റി അന്വേഷിക്കാം. ഇതിൽ കൂടുതലായി ഒന്നും പറയാനില്ല. ഈ സപ്ലിമെൻററിഗ്രാൻറു സരിച്ചുള്ള.....

Dr. A. R. MENON : What do you propose to do with the Ayurveda College strike? Do you contemplate doing anything to settle the dispute?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ : ആയുർവേദകോളേജിനെ സംബന്ധിച്ചു ആയുർവേദത്തിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സകല വിവരങ്ങളും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതിലേക്കുവേണ്ടി നിയമിച്ച ഒരു കമ്മറിയുടെ റിപ്പോർട്ട് കിട്ടീട്ടുണ്ടെന്നു പറഞ്ഞു. അതു് ശരിക്കു നോക്കി പഠിക്കുന്നതിന് സൗകര്യംവേണം. അതെപ്പറ്റി അനേഷിച്ചു നിയമപരമായി ചെയ്യാവുന്നതെല്ലാം ചെയ്യുന്നതാണ്. അല്ലാതെ സ്റ്റെക്കർ പറയുന്നതുപോലെ ചെയ്യാൻ ഗവണ്മെന്റിന് സാധ്യമല്ല. ന്യായമായി ചെയ്യാനുള്ളതു ചെയ്യാം എന്നല്ലാതെ ആയുർവേദകോളേജിലെ വിദ്യാർത്ഥികൾ സെക്രട്ടറിയേറ്റിൽ സത്യഗ്രഹം അനുഷ്ഠിക്കുമെന്നു പറഞ്ഞതുകൊണ്ട് ഒന്നും ചെയ്യാൻ പോകുന്നില്ല. ന്യായമായി ചെയ്യാവുന്നതു് കോളേജു തുറക്കുമ്പോഴേക്കും ചെയ്യുന്നതിനു ഗവണ്മെന്റ് കഴിയുന്നതും ശ്രമിക്കുന്നതാണ്.

Dr. A. R. MENON : I want you to take a very lenient view in this matter and settle this question.

ശ്രീ. എ. ജെ. ജോൺ : ഗവണ്മെന്റു വളരെ ലീനിയൻറായിട്ടാണ് പ്രവർത്തിക്കുന്നതു്. ഗവണ്മെന്റ് അതിലേക്കു് ഇരുപത്തിരുപ്പത്തഞ്ചു ചെലവാക്കുന്നുണ്ടു്. അതിലേക്കാവശ്യമുള്ള സ്റ്റാഫിനെ വച്ചിട്ടുമുണ്ടു്. അല്ലാതെ വിദ്യാർത്ഥികൾ പറയുന്നതുപോലെ അവർ പറയുന്നവരെ നിയമിക്കാനും, അവർ പറയുന്ന ശമ്പളം കൊടുക്കാനും ഗവണ്മെന്റു തയ്യാറില്ല. ഗവണ്മെന്റ് വളരെ ലീനിയൻറാക്കി കൂട്ടികൊടുക്കു് വളരെ ഉദാരമായിട്ടുള്ള സംഗതികൾ ചെയ്യാൻ തയ്യാറാണ്. അതിൽ കൂടുതൽ ഒന്നും അതെപ്പറ്റി പറയുവാനില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഈ സഭയിലെ എല്ലാപാർട്ടിയിൽനിന്നും ഒരു കമ്മറിയുണ്ടാക്കി ഈ സംഗതി അവർക്കു് വിട്ടുകൊടുക്കാമെന്നു് പറഞ്ഞിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ : ഗവണ്മെന്റുതന്നെ അതിനാവശ്യമായ പരിശോധനകൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നതു്.

Mr. SPEAKER : Order, order.

The question that the Travancore-Cochin Appropriation (No. 1) Bill, 1956 be taken up for consideration was put and carried.

SHRI T. V. THOMAS : Sir, I demand a poll. A poll was taken when the House divided as follows:—

LIBRARY ARCHIVES Kerala Legislative Assembly

AYES—56.

1 Shri P. K. Abdul Khadir
2 „ K. C. Abraham
3 „ V. K. Achutha Menon
4 „ J. Alexander Parambithara
5 „ J. A. Bhatt
6 „ D. Anantharaman
7 „ M. A. Antony
8 „ K. K. Balakrishnan
9 „ T. O. Bava
10 „ M. Bhaskaran Nair
11 „ N. G. Chacko
12 „ A. C. Chacko
13 „ K. M. Chacko
14 „ K. M. Chandy
15 „ M. V. Cheriyan
16 „ A. Chidambaranatha Nadar
17 „ O. R. Chummar
18 „ T. T. Daniel
19 „ K. M. George
20 „ K. P. Gopala Menon
21 „ Panampilli Govinda Menon
22 „ K. P. Hormis
23 „ Idiculla Idiculla
24 „ A. J. John
25 „ V. J. Joseph
26 „ K. Karunakaran
27 „ P. Kesava Menon
28 „ T. T. Kesavan Sastry
29 Shri K. Kochukuttan
30 „ P. R. Krishnan
31 Dr. N. K. Kumaran
32 Shri A. Kunjan Nadar
33 Smt. T. C. Leela Devi Amma
34 Shri Manjanatha Prabhu
35 „ P. M. Markose
36 „ M. M. Mathai
37 „ C. A. Mathew
38 „ N. A. Noor Mohammed
39 „ R. Ponnappa Nadar
40 „ A. A. Rahim
41 Dr. A. R. Menon
42 Shri P. Ramaswami Pillai
43 „ T. S. Ramaswami
44 „ P. J. Sebastian
45 „ V. V. Sebastian
46 „ S. Seshadrinatha Sarma
47 „ A. M. Simon
48 „ T. P. Sitaraman
49 „ P. Thanulingam Nadar
50 „ A. Thankiah
51 „ K. T. Thomas
52 Dr. P. T. Thomas
53 Shri K. I. Velayudhan
54 „ Kalathil Velayudhan Nair
55 „ M. William
56 „ A. A. D. Luiz

NOES—55.

1 Shri A. Achuthan
2 „ P. V. Avira Tharakan
3 „ C. C. Ayyappan
4 „ Baby John
5 „ K. A. Balan
6 „ K. Balakrishnan
7 Shri R. Balakrishna Pillai
8 „ B. B. Pandarathil
9 „ Prakkulam Bhasi
10 „ P. Bhaskaran Nair
11 „ Thoppil Bhaskaran Pillai

LIBRARY ARCHIVES Kerala Legislative Assembly

Noes (*contd.*)

12 Shri N. Chandrasekharan Nair
13 „ K. Chandrasekhara Sastry
14 „ P. K. Chathan
15 „ D. Damodaran Potti
16 „ T. K. Divakaran
17 „ K. C. George
18 „ P. Gopalan
19 Smt. K. R. Gouri
20 Shri Joseph Chazhikatt
21 „ Joseph Mundassery
22 „ C. Kochukunju
23 „ Thalekkara K. Krishnan
24 „ K. Krishna Pillai
25 „ K. S. Krishnan Sastry
26 „ P. K. Kunjachan
27 „ P. Kunjan
28 „ P. K. Kunju
29 „ Kuttappan Koickal
30 „ P. R. Madhavan Pillai
31 „ T. A. Majeed
32 „ K. Narayana Kurup
33 „ P. Narayanan Potti
34 „ P. S. Nataraja Pillai
35 Shri U. Neelakantan
36 „ N. Neelakantaru Pandarathil
37 „ M. P. Menon
38 „ V. P. Parameswaran Nambudiri
39 „ R. Prakasam
40 „ N. Raghava Kurup
41 „ C. K. Ramachandran Nair
42 „ P. Ravindran
43 „ C. G. Sadasivan
44 „ R. Sankaranarayanan Thampi
45 „ K. Sattanatha Karayalar
46 „ K. A. Sivarama Bharathy
47 „ V. Sridharan
48 „ R. Sugathan
49 Dr. P. K. Sukumaran
50 Shri A. Thanu Pillai
51 „ T. V. Thomas
52 „ P. Viswambharan
53 „ C. K. Viswanathan
54 „ D. Vivekanandan
55 „ P. K. Yasodharan

Neutrals—Nil.

MR. SPEAKER: For the motion 56, against the motion 55 and neutrals nil. The motion is carried. We shall now take up the Bill for consideration clause by clause.

Clauses 2 and 3.

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Schedule.

The question that the Schedule stand part of the Bill was put and carried.

The Schedule was added to the Bill.

Clause 1, Preamble and Title.

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

SHRI A. J. JOHN: I move that the Travancore-Cochin Appropriation (No. 1) Bill, 1956 be finally passed.

SHRI PANAMPILLI GOVINDA MENON: I Second it.

The question that the Travancore-Cochin Appropriation (No. 1) Bill, 1956 be finally passed was put and carried.

The Bill was passed.

MR. SPEAKER: The House will now adjourn and meet again at 8 a. m. on Monday, the 12th March.

The Assembly adjourned at 12-20 p. m. to meet again at 8 a. m. on Monday, the 12th March 1956.

LIBRARY ARCHIVES Kerala Legislative Assembly